"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

## സംഗ്രഹം

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26– ദി കേരള വുമൺ കോ ഓപ്പറേറ്റിവ് ഫെഡറേഷൻ ലിമി നം.4440 (വനിതാഫെഡ്) ന് അനുവദിച്ച ധനസഹായം റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.87/2026/Co-Op തീയതി, തിരുവനന്തപുരം, 24-02-2026

---

പരാമർശം:- 1. സ.ഉ.(സാധാ)നം.339/2025/സഹ തീയതി 16/07/2025

2. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

## ഉത്തരവ്

സംസ്ഥാന സർക്കാരിന്റെ ആയുഷ് വകുപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭകാല പരിചരണം, പ്രസവകാല പരിചരണം എന്നിവയിൽ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി അവർക്ക് തൊഴിലവസരം നൽകുന്നതിനുള്ള സഖി പദ്ധതിയ്ക്കായി, ദി കേരള വുമൺ കോ ഓപ്പറേറ്റിവ് ഫെഡറേഷൻ ലിമി നം.4440 (വനിതാഫെഡ്) ന് 49.30 ലക്ഷം രൂപ (നാൽപ്പത്തൊമ്പത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) 2425-108-31-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. മേൽ തുക അനുവദിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സംസ്ഥാന സർക്കാരിന്റെ ആയുഷ് വകുപ്പിൽ പ്രവർത്തിക്കുന്ന നാഷണൽ ആയുഷ് മിഷൻ കേരളയുമായി സഹകരിച്ച് ഗർഭകാല

പരിചരണം, പ്രസവകാല പരിചരണം എന്നിവയിൽ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകി അവർക്ക് തൊഴിലവസരം നൽകുന്നതിനുള്ള സഖി പദ്ധതി നടപ്പിലാക്കുന്നതിനായി, ദി കേരള വുമൺ കോ ഓപ്പറേറ്റിവ് ഫെഡറേഷൻ ലിമി നം.4440 (വനിതാഫെഡ്) ന് 49.30 ലക്ഷം രൂപ (നാൽപ്പത്തൊമ്പത് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) 2425-108-31-34-3 സബ്സിഡി ശീർഷകത്തിൽ നിന്നും 2025-26 സാമ്പത്തികവർഷത്തിൽ റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. പരാമർശം (2) സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് പ്രസ്തുത തുക, ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2025-26 സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി 1/134/205/ധന).

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/117/2025)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 24-02-2026 12:52:52

സെക്ഷൻ ഓഫീസർ

പകർപ്പ്:-ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സെക്രട്ടറിയുടെ പി.എ.